**പ്രസ് റിലീസ് 20-08-2019**

**ആരോഗ്യ സാമൂഹ്യനീതി വകുപ്പ് മന്ത്രിയുടെ ഓഫീസ്**

പ്രളയാനന്തര മാനസികാരോഗ്യ ദുരന്തനിവാരണം: ആശ്വാസമേകിയത് അര ലക്ഷത്തിലേറെ പേര്‍ക്ക്

743 ക്യാമ്പ് സന്ദര്‍ശനങ്ങളും 1,191 ഭവന സന്ദര്‍ശനങ്ങളും നടത്തി

തിരുവനന്തപുരം: പ്രളയാനന്തരം പലതരം മാനസിക സംഘര്‍ഷങ്ങള്‍ ഉണ്ടാകാം. പ്രിയപ്പെട്ടവര്‍, സ്വന്തം വീട്, വസ്തുവകകള്‍, ഒരായുഷ്‌ക്കാലം മുഴവനുള്ള സമ്പാദ്യം അങ്ങനെ എല്ലാം ഒറ്റ ദിവസം കൊണ്ട് ഇല്ലാതാകുക എന്നു വച്ചാല്‍... ദുരന്തം കാരണം ഉണ്ടായ മാനസിക പ്രശ്‌നങ്ങള്‍ ആഴ്ചകള്‍ കഴിഞ്ഞും പ്രത്യക്ഷപെടാം എന്നുള്ളതുകൊണ്ടും ഉല്‍കണ്ഠ, വിഷാദം തുടങ്ങിയ പ്രശ്‌നങ്ങള്‍ ദീര്‍ഘകാലം നിണ്ടുനില്‍ക്കാം എന്നതിനാലും കരുതലോടെയുള്ള പ്രവര്‍ത്തനമാണ് ആരോഗ്യ വകുപ്പ് നടത്തുന്നത്.

വിവിധ തരത്തിലുള്ള മാനസിക സംഘര്‍ഷങ്ങള്‍ ലഘൂകരിക്കുന്നതിന്റെ ഭാഗമായി ആഗസ്റ്റ് 19 വരെയുള്ള കണക്കനുസരിച്ച് അരലക്ഷത്തിലധികം പേര്‍ക്ക് സാമൂഹ്യ, മന:ശാസ്ത്ര ഇടപെടലുകളിലൂടെ സാന്ത്വനമേകാന്‍ കഴിഞ്ഞിട്ടുണ്ടെന്ന് ആരോഗ്യ സാമൂഹ്യനീതി വകുപ്പ് മന്ത്രി കെ.കെ. ശൈലജ ടീച്ചര്‍ അറിയിച്ചു. ഇതുവരെ 743 ക്യാമ്പ് വിസിറ്റുകളും 1,191 ഭവന സന്ദര്‍ശനങ്ങളും നടത്തി. ഇതുവഴി 42,493 പേര്‍ക്ക് ഗ്രൂപ്പ് തെറാപ്പികളും 10,698 പേര്‍ക്ക് സൈക്കോ സോഷ്യല്‍ പരിചരണവും നല്‍കി. ഇതിന് പുറമേ കൂടുതല്‍ ഇടപെടലുകള്‍ ആവശ്യമുള്ള 415 പേര്‍ക്ക് ഔഷധ ചികിത്സയും നല്‍കി. ദുരിതാശ്വാസ ക്യാമ്പുകളില്‍ ഉള്ളവര്‍ വീടുകളിലേക്ക് പോകുന്ന മുറയ്ക്ക് ഭവന സന്ദര്‍ശനവും നടത്തുന്നതാണ്.

കേരളത്തില്‍ ഉണ്ടായ പ്രളയം, ഉരുള്‍പൊട്ടല്‍, പ്രകൃതി ദുരന്തങ്ങളുടെ പശ്ചാത്തലത്തില്‍ ആഗസ്റ്റ് 9ന് പന്ത്രണ്ട് ജില്ലകളില്‍ മാനസികാരോഗ്യ ദുരന്ത നിവാരണ ടീമുകള്‍ രൂപീകരിക്കുകയുണ്ടായി. ജില്ലാ മാനസികാരോഗ്യ പരിപാടിയുടെ (ഡി.എം.എച്ച്.പി.) കീഴിലാണ് ഈ ടീമുകള്‍ രൂപീകരിച്ചത്. നോഡല്‍ ഓഫിസറുടെ നേതൃത്വത്തില്‍ ജില്ലകളില്‍ ദുരന്തവുമായി ബന്ധപ്പെട്ട

മാനസികാരോഗ്യ പ്രവർത്തനങ്ങൾ മുഴുവൻ ഏകോപിപ്പിക്കുകയും ചെയ്തു. സന്നദ്ധ പ്രവർത്തനത്തിനായി എത്തിയ മാനസികാരോഗ്യ വിദഗ്ധരെയും പ്രവർത്തകരെയും ഈ ടിമുകളിൽ ഉൾപ്പെടുത്തിയാണ് പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചിരിക്കുന്നത്.

കഴിഞ്ഞ വർഷത്തെ പ്രളയത്തോടനുബന്ധിച്ച് മാനസികാരോഗ്യ ദുരന്തനിവാരണ പ്രവർത്തനങ്ങൾക്കായി ജില്ലകളിൽ കൗൺസിലർമാരെ പഞ്ചായത്ത് അടിസ്ഥാനത്തിൽ നിയമിച്ചിരുന്നു. ഇപ്പോൾ നടക്കുന്ന ദുരന്ത നിവാരണ പ്രവർത്തങ്ങളിലും ഇവരെ ദുരിതാശ്വാസ ക്യാമ്പുകളിൽ മാനസികാരോഗ്യ സേവനത്തിനായി നിയോഗിച്ചിട്ടുണ്ട്. ഇതിനു പുറമേ അഡോളസന്റ് ഹെൽത്ത് കൗൺസിലർമാർ, സ്കൂൾ കൗൺസിലർമാർ, സന്നദ്ധരായി എത്തിയിട്ടുള്ള എം.എസ്.ഡബ്ല്യു/സൈക്കോളജി ഡിപ്പാർട്ട്മെന്റിലെ വിദ്യാർഥികൾ, ബിരുദധാരികൾ എന്നിവരെ ഉൾക്കൊള്ളിച്ച് വിവിധ സംഘങ്ങളായി നിയോഗിച്ചിട്ടുണ്ട്. ഇവർ ദുരിതാശ്വാസ ക്യാമ്പുകൾ കേന്ദ്രികരിച്ച് ബോധവത്കരണ ക്ലാസുകൾ, കുട്ടികൾക്കുള്ള പ്ലേ തെറാപ്പി, ഗ്രൂപ്പ് തെറാപ്പികൾ, കൗൺസിലിംഗ് എന്നിവ നടത്തി വരുന്നു. ദുരന്തത്തിൽപ്പെട്ടവരുടെ കാര്യങ്ങൾ കേൾക്കുവാനും അവർക്ക് ആശ്വാസം പകരുവാനുമാണ് ഈ ടീമുകൾ പ്രധാനമായും ശ്രദ്ധിക്കുന്നത്. ഇതിൽതന്നെ കുട്ടികളുടെയും പ്രായമായവരുടെയും പ്രശ്നങ്ങൾക്ക് പ്രത്യേക പരിഗണന നൽകുന്നു.

കൂടുതൽ വിദഗ്ധ സഹായം ആവശ്യമുള്ളവർക്ക് അത് നൽകുവാൻ സൈക്യാട്രിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ് സൈക്യാട്രിക്ക് സോഷ്യൽ വർക്കർ എന്നിവരടങ്ങുന്ന മാനസികാരോഗ്യ പരിപാടി ടീം ക്യാമ്പുകളിൽ എത്തുന്നു. ഇതിനോടൊപ്പം മാനസിക രോഗങ്ങൾക്ക് ചികിത്സയിലുള്ളവരെ കണ്ടെത്തി ചികിത്സ മുടങ്ങാതെ നൽകുവാനും സംഘങ്ങൾ പ്രത്യേകം ശ്രദ്ധിക്കുന്നു. ലഹരി വസ്തുക്കളുടെ ഉപയോഗം, ദുരന്തത്തിനു ശേഷമുള്ള അവയുടെ ലഭ്യതക്കുറവുമൂലം 'വിത്ത്ഡ്രാവൽ' ലക്ഷണങ്ങൾ പ്രകടിപ്പിച്ചവരെയും കണ്ടെത്തി പ്രത്യേക ചികിത്സ നൽകുന്നു.

മാനസിക പ്രശ്നങ്ങൾക്കും വിഷമങ്ങൾക്കും സംശയ നിവാരണങ്ങൾക്കും ദിശയുടെ ടോൾ ഫ്രീ നമ്പരായ 1056 ലഭ്യമാണ്. വിദഗ്ധരുടെ സേവനം 24 മണിക്കൂറും തികച്ചും സൗജന്യമായി ലഭ്യമാണ്